പതിനാലാം കേരള നിയമസഭ

# ചട്ടങ്ങൾ സംബന്ധിച്ച സമിതി
# (2019–2021)

## മൂന്നാമത് റിപ്പോർട്ട്

(2021 ജനുവരി 14–ാം തീയതി മേശപ്പുറത്തു വച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനാലാം കേരള നിയമസഭ

# ചട്ടങ്ങൾ സംബന്ധിച്ച സമിതി
## (2019-2021)

## മൂന്നാമത് റിപ്പോർട്ട്

83/2021.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| 1. | സമിതിയുടെ ഘടന | .. | v |
| 2. | റിപ്പോർട്ട് | .. | 1 |
| 3. | അനുബന്ധം | .. | 7 |

# സമിതിയുടെ ഘടന

ചെയർമാൻ :

ശ്രീ. പി. ശ്രീരാമകൃഷ്ണൻ, സ്പീക്കർ.

അംഗങ്ങൾ :

1. ശ്രീ. സി. ദിവാകരൻ, എം. എൽ. എ.
2. ശ്രീ. മുരളി പെരുനെല്ലി, എം. എൽ. എ.
3. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം. എൽ. എ.
4. ശ്രീ. എൻ. ഷംസുദ്ദീൻ, എം. എൽ. എ.
5. ശ്രീ. പി. സി. ജോർജ്, എം. എൽ. എ.
6. ശ്രീ. കെ. എം. ഷാജി, എം. എൽ. എ.
7. ശ്രീ. എ. എൻ. ഷംസീർ, എം. എൽ. എ.
8. ശ്രീ. വി. ആർ. സുനിൽ കുമാർ, എം. എൽ. എ.
9. ശ്രീ. കെ. സുരേഷ് കുറുപ്പ്, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി
2. ശ്രീ. ആർ. കിഷോർ കുമാർ, സ്പെഷ്യൽ സെക്രട്ടറി
3. ശ്രീമതി ദീപ. വി, ഡെപ്യൂട്ടി സെക്രട്ടറി
4. ശ്രീ. ആർ. ഷാജി, അണ്ടർ സെക്രട്ടറി.

# റിപ്പോർട്ട്

പതിനാലാം കേരള നിയമസഭയുടെ ചട്ടങ്ങൾ സംബന്ധിച്ച സമിതി (2019-2021) 2019 ജനുവരി മാസം 25-ാം തീയതി രൂപീകരിക്കപ്പെട്ടു. സമിതിയുടെ പ്രഥമയോഗം 2021 ജനുവരി 13-ാം തീയതി ചേർന്നു.

2. ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ പ്രസ്തുത യോഗം, നിയമസഭാ പ്രവർത്തനങ്ങൾ കടലാസ് രഹിതമാക്കുന്നതുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന ഇ-നിയമസഭ പദ്ധതി നിലവിൽ വരുമ്പോൾ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ അതിന് ആനുപാതികമായി വരുത്തേണ്ടതായ ഭേദഗതികളും സഭയിൽ സമർപ്പിക്കുന്നതിനായി സർക്കാർ വകുപ്പുകൾ ലഭ്യമാക്കുന്ന ചട്ടങ്ങൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ എന്നിവയ്ക്ക് സമയപരിധി നിശ്ചയിക്കുന്നതിനും നാലാം പട്ടികയിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടുത്തുന്നതിനുമായി മേശപ്പുറത്ത് വച്ച കടലാസുകൾ സംബന്ധിച്ച സമിതി, സബ്ജക്ട് കമ്മിറ്റി, പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി എന്നീ സമിതികളിൽ നിന്നും ലഭിച്ച ഭേദഗതികളും പരിഗണിക്കുകയുണ്ടായി. വിശദമായ ചർച്ചയ്ക്കുശേഷം കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ ചുവടെപ്പറയുന്ന ഭേദഗതികൾ വരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയുണ്ടായി.

3. "ഓൺലൈൻ" എന്നാൽ "കേരള നിയമസഭയുടെ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ അനുവദിച്ച് നൽകിയ ലോഗിൻ മുഖേന സമർപ്പിക്കപ്പെടുന്നതോ എടുക്കുന്നതോ ആയ വിവരം/രേഖ എന്നർത്ഥമാകുന്നു". എന്ന നിർവചനം ചട്ടം 2-ൽ "മന്ത്രി" എന്ന നിർവചനത്തിന് ശേഷം ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. ഭരണഘടനയുടെ 188-ാം വകുപ്പ് അനുസരിച്ച് സത്യപ്രതിജ്ഞ ചെയ്യിട്ടില്ലാത്ത അംഗത്തിന് രേഖാമൂലം മുൻകൂട്ടി നോട്ടീസ് നൽകിയതിന് ശേഷം സ്പീക്കർ നിശ്ചയിക്കുന്ന ദിവസം സത്യപ്രതിജ്ഞ ചെയ്യാവുന്നതാണെന്ന വ്യവസ്ഥയ്ക്ക് പുറമേ ഓൺലൈൻ ആയും നോട്ടീസ് നൽകുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനായി ചട്ടം 5 ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. ഗവർണറുടെ പ്രസംഗത്തിന്മേലുള്ള നന്ദി പ്രമേയത്തിന്മേൽ അവതരിപ്പിക്കുന്ന ഭേദഗതികൾ സംബന്ധിച്ച നോട്ടീസ് സ്പീക്കർ നിശ്ചയിക്കുന്ന സമയത്തിന് മുൻപായി രേഖാമൂലമോ ഓൺലൈൻ ആയോ നൽകാവുന്നതാണെന്ന വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനായി ചട്ടം 15 ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. ഓരോ ദിവസവും വാക്കാൽ മറുപടി പറയുന്നതിനുള്ള ചോദ്യങ്ങളുടെ പട്ടികയിൽ ഓരോ അംഗത്തിന്റെയും പേരിലുള്ള ചോദ്യങ്ങൾ ആ അംഗത്തിന് അനുവദിച്ചിട്ടുള്ള ചോദ്യങ്ങളുടെ എണ്ണം അനുസരിച്ച് അച്ചടിക്കേണ്ടതാകുന്നു. "അച്ചടിക്കേണ്ടതാകുന്നു" എന്ന വാക്കിന് പകരം "ഉൾപ്പെടുത്തേണ്ടതാകുന്നു" എന്ന വാക്ക് ചേർക്കുന്നതിനായി ചട്ടം 40 ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. സഭയുടെ ഒരു യോഗം റദ്ദാക്കുമ്പോഴോ യാതൊരു കാര്യവും നടത്താതെ മാറ്റിവയ്ക്കുമ്പോഴോ ആ ദിവസത്തേയ്ക്കുള്ള ചോദ്യങ്ങളുടെ പട്ടികയിൽ ആദ്യമേ തന്നെ ചേർത്തിട്ടുള്ള നക്ഷത്രചിഹ്നമിട്ടതും അല്ലാത്തതുമായ എല്ലാ ചോദ്യങ്ങളും അടുത്ത യോഗത്തിലേയ്ക്കുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളായി കരുതപ്പെടുന്നതും അടുത്ത ദിവസത്തേയ്ക്കുള്ള ഔദ്യോഗിക റിപ്പോർട്ടിൽ അവയുടെ മറുപടികളോടൊപ്പം അച്ചടിക്കുന്നതുമാകുന്നു. "അച്ചടിക്കുന്നതുമാകുന്നു" എന്ന വാക്കിനുപകരം "ഉൾപ്പെടുത്തേണ്ട താകുന്നു" എന്ന വാക്ക് ചേർക്കുന്നതിനായി ചട്ടം 46 ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. ഒരു അടിയന്തര ചോദ്യത്തിനുള്ള നോട്ടീസിൽ ഒന്നിൽ കൂടുതൽ അംഗങ്ങൾ ഒരു നോട്ടീസ് ഒപ്പിട്ട് നൽകാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്യുന്ന ക്ലിപ്തം നിബന്ധന ഉൾപ്പെടുത്തുന്നതിനായി ചട്ടം 48(1) ഭേദഗതി ചെയ്യുന്നതിനും ചട്ടം 48(5) ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

9. ചോദ്യങ്ങൾക്ക് മറുപടി പറയുമ്പോൾ ഉത്ഭവിക്കുന്ന പൊതുപ്രാധാന്യമുള്ള കാര്യം സംബന്ധിച്ച് ചർച്ച ഉന്നയിക്കുവാനാഗ്രഹിക്കുന്ന അംഗം, ആ കാര്യം ഉന്നയിക്കാൻ ആഗ്രഹിക്കുന്ന ദിവസത്തിന് രണ്ട് പൂർണ്ണ ദിവസം മുൻപായി സെക്രട്ടറിക്ക് രേഖാമൂലം നോട്ടീസ് നൽകുന്നതിന് പുറമേ ഓൺലൈൻ ആയും നോട്ടീസ് നൽകാവുന്നതാണെന്ന വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനായി ചട്ടം 49 ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. ഭരണഘടനയോ ചട്ടങ്ങളോ പ്രകാരം സെക്രട്ടറിക്ക് രേഖാമൂലം നോട്ടീസ് കൊടുത്തുകൊണ്ടുള്ള പ്രത്യേക പ്രമേയത്തിൽക്കൂടി മാത്രം ഉന്നയിക്കാവുന്ന യാതൊരു കാര്യവും പ്രമേയം വഴി ഉന്നയിക്കുന്നതെന്ന വ്യവസ്ഥയ്ക്ക് പുറമേ ഓൺലൈൻ ആയും നോട്ടീസ് നൽകാവുന്നതാണെന്ന വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനായി ചട്ടം 52 ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. അടിയന്തര പൊതുപ്രാധാന്യമുള്ള ഒരു സംഗതി സംബന്ധിച്ച ചർച്ച ഉന്നയിക്കുന്നതിന് ആഗ്രഹിക്കുന്ന ഏതൊരു അംഗത്തിനും, ഉന്നയിക്കാനുള്ള സംഗതി വ്യക്തമായും കൃത്യമായും വിവരിച്ചുകൊണ്ട് രേഖാമൂലം നോട്ടീസ് സെക്രട്ടറിക്ക്

നൽകാവുന്നതാണെന്ന വ്യവസ്ഥയ്ക്ക് പുറമേ ഓൺലൈൻ ആയും നോട്ടീസ് നൽകാവുന്നതാണെന്ന വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനായി ചട്ടം 58 ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. മന്ത്രിസഭക്കെതിരെയുള്ള അവിശ്വാസ പ്രമേയത്തിന് അനുമതി ആവശ്യപ്പെടുന്ന അംഗം, താൻ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന പ്രമേയം രേഖാമൂലം അത് അവതരിപ്പിക്കാനുദ്ദേശിക്കുന്ന തീയതിക്ക് മൂന്ന് പൂർണ്ണദിവസം മുൻപ് സെക്രട്ടറിക്ക് നൽകേണ്ടതാണെന്ന വ്യവസ്ഥയ്ക്ക് പുറമേ ഓൺലൈൻ ആയും നോട്ടീസ് നൽകാവുന്നതാണെന്ന വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനായി ചട്ടം 63 ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. ഭരണഘടന 179-ാം അനുച്ഛേദം (സി) ഖണ്ഡപ്രകാരം സ്പീക്കറെയോ ഡെപ്യൂട്ടി സ്പീക്കറെയോ നീക്കം ചെയ്യുന്നതിനുള്ള പ്രമേയത്തിന് നോട്ടീസ് നൽകുവാൻ ആഗ്രഹിക്കുന്ന അംഗം സെക്രട്ടറിയെ രേഖാമൂലം അറിയിച്ചുകൊണ്ട് അങ്ങനെ ചെയ്യേണ്ടതാകുന്നു എന്ന വ്യവസ്ഥയ്ക്ക് പുറമേ ഓൺലൈൻ ആയും നോട്ടീസ് നൽകാവുന്നതാണെന്ന വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനായി ചട്ടം 65 ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. ഒരു ഉപക്ഷേപത്തിനുള്ള നോട്ടീസ് സെക്രട്ടറിയെ അഭിസംബോധന ചെയ്ത് രേഖാമൂലം നൽകേണ്ടതാണെന്ന വ്യവസ്ഥയ്ക്ക് പുറമേ ഓൺലൈൻ ആയും നോട്ടീസ് നൽകാവുന്നതാണെന്ന വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനായി ചട്ടം 131 ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. സഭ പാസ്സാക്കിയ റെഗുലേഷൻ, ചട്ടം, ഉപചട്ടം, ബൈലാ മുതലായവ ഭേദഗതി ചെയ്യുന്ന പക്ഷം ഭേദഗതി ചെയ്യപ്പെട്ട റെഗുലേഷൻ, ചട്ടം, ഉപചട്ടം, ബൈലാ മുതലായവ മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്ന വ്യവസ്ഥയോടൊപ്പം സമയപരിധി സംബന്ധിച്ച ചട്ടം 166 എ-ലെ വ്യവസ്ഥകൾക്കനുസൃതമായി എന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തുന്നതിനായി ചട്ടം 168 ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. ഭരണഘടനയുടെ 190-ാം അനുച്ഛേദം (4)-ാം ഖണ്ഡപ്രകാരം, സഭയുടെ യോഗങ്ങളിൽ ഹാജരാകാതിരിക്കാൻ സഭയുടെ അനുമതി ആഗ്രഹിക്കുന്ന ഒരു അംഗം രേഖാമൂലം സ്പീക്കർക്ക് അപേക്ഷ നൽകേണ്ടതാണെന്ന വ്യവസ്ഥയ്ക്ക് പുറമേ ഓൺലൈൻ ആയും അപേക്ഷ നൽകാവുന്നതാണെന്ന വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനായി ചട്ടം 170 ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. സമിതിയോഗങ്ങളുടെ ക്വാറം സംബന്ധിച്ച ചട്ടം 185(1)-ന്റെ അവസാനം "വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുക്കുന്ന അംഗങ്ങളെയും ഉൾപ്പെടുത്താവുന്നതാണ് " എന്ന് ചേർക്കുന്നതിനായി ചട്ടം 185 ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18. എന്നാൽ "കേരള നിയമസഭയുടെ വീഡിയോ കോൺഫറൻസിംഗ് മുഖേന നടത്തുന്ന കമ്മിറ്റിയുടെ യോഗസ്ഥലം നിയമസഭാ സെക്രട്ടേറിയറ്റ് കെട്ടിടത്തിന്റെ പരിസരം എന്ന് കരുതപ്പെടേണ്ടതാണ്" എന്ന ക്ലിപ്ത നിബന്ധന ഉൾപ്പെടുത്തുന്നതിനായി ചട്ടം 192 ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19. തെളിവെടുക്കുന്നതിനായി സാക്ഷിയെ വിളിച്ച് വരുത്തുന്നത് സംബന്ധിച്ച ചട്ടം 194 (1)-ന്റെ അവസാനം, "ഒഴിവാക്കാനാവാത്ത പ്രത്യേക സാഹചര്യങ്ങളിൽ സാക്ഷിയേയും വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുപ്പിക്കുന്നതിന് കമ്മിറ്റി അനുവദിക്കാവുന്നതാണെന്ന് " എന്ന് ചേർക്കുന്നതിനായി ചട്ടം 194 ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. കമ്പി സന്ദേശം നിലവിലില്ലാത്ത സാഹചര്യത്തിൽ കമ്പി സന്ദേശം ഒഴിവാക്കി ഇലക്ട്രോണിക് കമ്മ്യൂണിക്കേഷൻ മുഖേനയുള്ള പരാതികളും കമ്മിറ്റിയ്ക്ക് പരിഗണിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നതിനായി ചട്ടം 224 ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. വാർഷിക പ്രവർത്തന റിപ്പോർട്ട് സർക്കാർ വകുപ്പുകൾ സാമ്പത്തിക വർഷം പൂർത്തിയായ ഉടൻ സഭയിൽ സമർപ്പിക്കണമെന്ന വ്യവസ്ഥ നിയമസഭാ സമ്മേളനം ഇല്ലെങ്കിൽ പാലിക്കാൻ കഴിയാത്തതിനാൽ, അവ നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കിയാൽ മതിയെന്ന് വ്യവസ്ഥ ചെയ്യുന്നതിന് "lay" എന്ന വാക്കിന് പകരം "furnish" എന്ന വാക്ക് ചേർക്കുന്നതിനായി ചട്ടം 236 ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. സ്റ്റാറ്റ്യൂട്ടറി ചട്ടങ്ങളെ സംബന്ധിച്ച് കമ്മിറ്റിക്കുള്ള അധികാരങ്ങൾ സംബന്ധിച്ച ചട്ടം 238(1)(b)-യുടെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "simultaneously" എന്ന വാക്ക് ഒഴിവാക്കുന്നതിനും "transmitted" എന്ന വാക്കിന് ശേഷം "within thirty days" എന്ന വാക്കുകൾ ചേർക്കുന്നതിനുമായി ചട്ടം 238 ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

23. "ഇലക്ട്രോണിക് "(electronic) എന്ന വാക്കിന് ശേഷം "ബയോമെട്രിക് " (biometric) എന്ന വാക്ക് ചേർക്കുന്നതിനായി ചട്ടം 301 ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24. ക്രമപ്രശ്നമല്ലാത്ത ഏതെങ്കിലും സംഗതി സഭയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുന്ന ഒരംഗം സഭയിൽ അത് ഉന്നയിക്കാൻ ഉദ്ദേശിക്കുന്നതിനുള്ള കാരണങ്ങളോടുകൂടി രേഖാമൂലം സെക്രട്ടറിക്ക് നോട്ടീസ് നൽകേണ്ടതാണെന്ന വ്യവസ്ഥയ്ക്ക് പുറമേ ഓൺലൈൻ ആയും നോട്ടീസ് നൽകാവുന്നതാണെന്ന വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനായി ചട്ടം 304 ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

25. നാലാം പട്ടിക ചുവടെ ചേർക്കും പ്രകാരം ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

1. പൊതുമേഖലാ സ്ഥാപനങ്ങളുടെ പട്ടിക-ഇനം സി **പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനികളുടെ സബ്സിഡിയറി കമ്പനികൾ**-ൽ ഉപഇനം 71. Tourist Resorts (Kerala) Limited, TVPM; 77. Steel Complex Limited, Kozhikode എന്നീ കമ്പനികളുടെ പേരുകൾ യഥാക്രമം "Kerala Tourism Infrastructure Limited", "SAIL-SCL Kerala Limited" എന്ന് മാറ്റുക.

2. ഇനം ഡി **ഭൂരിപക്ഷ ഓഹരിയുള്ള സർക്കാർ കമ്പനികൾ**-ൽ ഉപഇനം 103-ന് ശേഷം താഴെപ്പറയുന്ന കമ്പനികളുടെ പേര് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

"104. Vizhinjam International Seaport Limited

105. Kerala State IT Infrastructure Limited

106. Kerala Irrigation Infrastructure Development Corporation

107. Malabar Distilleries Limited

108. Aralam Farming Corporation (Kerala) Limited

109. Kerala Medical Services Corporation

110. Norka - Roots Limited

111. Kerala State Coastal Area Development Corporation Limited

112. Indian Institute of Information Technology and Management Kerala

113. Kerala State Minorities Development Finance Corporation Limited

114. Kerala State Welfare Corporation for Forward Communities Limited

115. Vazhakulam Agro and Fruit Processing Company Limited

116. Kerala Academy for Skills and Excellence

117. Vision Varkala Infrastructure Development Corporation Limited

118. Kerala Rail Development Corporation Limited".

3. ഇനം എഫ് **സഹകരണ സംഘങ്ങൾ**-ൽ ഉപഇനം 137-ആയി താഴെപ്പറയുന്നത് ചേർക്കുക.

137. "K. Karunakaran Memorial Co-operative Spinning Mills, Thrissur".

26. മുകളിൽ നിർദ്ദേശിച്ച ഭേദഗതികൾക്ക് ആനുഷംഗികമായ ഭേദഗതികൾ ചട്ടങ്ങളിൽ എവിടെയെങ്കിലും ആവശ്യമുണ്ടെന്ന് കാണുന്ന പക്ഷം അവ കൂടി ഉൾക്കൊള്ളിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

27. സമിതിയുടെ ശിപാർശപ്രകാരം കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ വരുത്തേണ്ട ഭേദഗതികൾ ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.

28. സമിതിയുടെ 2021 ജനുവരി 13-ാം തീയതി ഈ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

പി. ശ്രീരാമകൃഷ്ണൻ,
*കേരള നിയമസഭാ സ്പീക്കർ & എക്സ്-ഒഫീഷ്യോ ചെയർമാൻ,*
*ചട്ടങ്ങൾ സംബന്ധിച്ച സമിതി*

തിരുവനന്തപുരം,
2021 ജനുവരി 13.

ANNEXURE

## AMENDMENTS PROPOSED TO THE RULES OF PROCEDURE AND CONDUCT OF BUSINESS IN THE KERALA LEGISLATIVE ASSEMBLY BY THE RULES COMMITTEE (2019-2021) VIDE ITS FIRST REPORT

1. Amendment to Rule 2

In sub-rule (1) to rule 2, after the definition of "Minister", the following definition shall be inserted;

"Online" means the information/documents submitted or retrieved anywhere anytime using the login credentials through the digital platform provided by the Kerala Legislative Assembly;

2. Amendment to Rule 5

In rule 5 after the word " writing" the words " or online" shall be inserted.

3. Amendment to Rule 15

In sub-rule (3) to rule 15 after the word " given" the words " in writing or online" shall be inserted.

4. Amendment to Rule 40

In sub-rule (2) to rule 40 for the word " printed" the word " included" shall be substituted.

5. Amendment to Rule 46

In rule 46 for the word " printed" the word " included" shall be substituted.

6. Amendment to Rule 48

In sub-rule (1) to rule 48, the following proviso shall be inserted, namely:-

" Provided that more than one Member shall not give a single notice".

7. Amendment to Rule 48

The sub-rule (5) to rule 48 shall be deleted.

8. Amendment to Rule 49

In sub-rule (2) to rule 49, after the word " writing" the words " or online" shall be inserted.

9. Amendment to Rule 52

In item (x) to rule 52, after the word " writing" the words " or online" shall be inserted.

10. Amendment to Rule 58

In sub-rule (1) to rule 58, after the word " writing" the words " or online" shall be inserted.

11. Amendment to Rule 63

In item (b) to sub-rule (1) to rule 63 for the words " written notice" the words " notice in writing or online" shall be substituted.

12. Amendment to Rule 65

In sub-rule (1) to rule 65, after the word " writing" the words " or online" shall be inserted.

13. Amendment to Rule 131

In rule 131, after the word " writing" the words " or online" shall be inserted.

14. Amendment to Rule 168

In rule 168, the words "as per the provisions in Rule 166 A" shall be inserted at the end.

15. Amendment to Rule 170

In sub-rule (1) to rule 170, after the word "writing" the words " or online" shall be inserted.

16. Amendment to Rule 185

In sub-rule (1) to rule 185, after the words "Members of the Committee" the words " including those who participate through video conferencing" shall be inserted.

17. Amendment to Rule 192

In rule 192, the following proviso shall be inserted, namely:-

" Provided that the venue of the sitting of a Committee held through video conferencing facility of the Kerala Legislative Assembly is deemed to have been held within the precincts of Legislature Secretariat".

18. Amendment to Rule 194

In sub-rule (1) to rule 194, the following shall be inserted at the end, namely:-

"In exceptional circumstances, if the Committee permits a witness can attend a meeting through video conferencing ".

19. Amendment to Rule 224

In sub-rule (4) to rule 224, for the word "telegrams " the words " through electronic communications" shall be substituted.

20. Amendment to Rule 236

In sub-rule (6) to rule 236, for the word "lay " the word " furnish" shall be substituted.

21. Amendment to Rule 238

In the second proviso to item (b) to sub-rule (1) to rule 238, the word "simultaneously" shall be deleted and the words " within thirty days" shall be inserted after the word "transmitted".

22. Amendment to Rule 301

In sub-rule (2) to rule 301, after the word " electronic " the words " or biometric" shall be inserted.

23. Amendment to Rule 304

In sub-rule (1) to rule 304, after the word " writing " the words " or online" shall be inserted.

24. Amendment to Fourth Schedule

(1) In the Fourth Schedule - List of Public Undertaking,-in category C (Subsidiary Companies of fully owned Government Companies),—

(i) for the entry no.71 "Tourist Resorts (Kerala) Limited" the entry "Kerala Tourism Infrastructure Limited" shall be substituted.

(ii) for the entry no.77 "Steel Complex Limited Kozhikode " the entry "SAIL-SCL Kerala Limited" shall be substituted.

(2) In category D (Majority Share holding Government Companies), after serial no.103 the following items shall be inserted and the existing items shall be renumbered accordingly.

"104. Vizhinjam International Seaport Limited

105. Kerala State IT Infrastructure Limited

106. Kerala Irrigation Infrastructure Development Corporation

107. Malabar Distilleries Limited

108. Aralam Farming Corporation (Kerala) Limited

109. Kerala Medical Services Corporation

110. Norka - Roots Limited

111. Kerala State Coastal Area Development Corporation Limited

112. Indian Institute of Information Technology and Management Kerala

113. Kerala State Minorities Development Finance Corporation Limited

114. Kerala State Welfare Corporation for Forward Communities Limited

115. Vazhakulam Agro and Fruit Processing Company Limited

116. Kerala Academy for Skills and Excellence

117. Vision Varkala Infrastructure Development Corporation Limited

118. Kerala Rail Development Corporation Limited".

(3) In category F (Co-operative Societies), after items as so renumbered, insert the following item as serial no.137

" 137. K. Karunakaran Memorial Co-operative Spinning Mills, Thrissur ".

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.